ഭരണഭാഷ-മാതൃഭാഷ

നമ്പർ ഡിഎം1-183902/18 കളക്ടറേറ്റ്,പത്തനംതിട്ട

തീയതി: 12-10-2021 7 PM

<u>പത്രക്കുറിപ്പ് (പ്രസിദ്ധീകരണത്തിനായി)</u>

**ജാഗ്രതാ നിർദ്ദേശം**

കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ശബരിഗിരി ജലവൈദ്യുത പദ്ധതിയുടെ ഭാഗമായ കക്കി-ആനത്തോട് റിസർവ്വോയറിന്റെ പരമാവധി ജലനിരപ്പ് 981.46 മീറ്ററാണ്. എന്നാൽ 2021 ഒക്ടോബർ 11 മുതൽ 20 വരെയുള്ള കാലയളവിൽ റിസർവ്വോയറിൽ സംഭരിക്കുവാൻ അനുവദിക്കപ്പെട്ട പരമാവധി ജലനിരപ്പ് (അപ്പർ റൂൾ ലെവൽ) 978.83 മീറ്റർ ആണ്.

ഈ കാലയളവിൽ കക്കി-ആനത്തോട് റിസർവ്വോയറിന്റെ നീല, ഓറഞ്ച്, റെഡ് അലർട്ടുകൾ പ്രഖ്യാപിക്കുന്നത് യഥാക്രമം 976.83 മീറ്റർ, 977.83 മീറ്റർ, 978.33 മീറ്റർ ജലനിരപ്പ് എത്തിച്ചേരുമ്പോഴാണ്. ഇന്ന് (12/10/2021) വൈകിട്ട് 07.00 മണിക്ക് റിസർവ്വോയറിന്റെ ജലനിരപ്പ് 977.84 മീറ്ററിൽ എത്തി ചേർന്നതിനാൽ കെ.എസ്.ഇ.ബി അണക്കെട്ട് സുരക്ഷാ വിഭാഗം ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുള്ളതാണ്. .

റിസർവ്വോയറിന്റെ വൃഷ്ടി പ്രദേശത്ത് ശക്തമായ മഴ തുടരുന്നതിനാലും, റിസർവ്വോയറിലേക്കുള്ള നീരൊഴുക്ക് ശക്തമായതിനാലും, നിലവിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ പമ്പാ നദിയുടെയും കക്കാട്ടാറിന്റെ ഇരുകരകളിൽ താമസിക്കുന്നവരും പൊതുജനങ്ങളും ജാഗ്രത പുലർത്തണമെന്ന് അറിയിക്കുന്നു.

ഏതെങ്കിലും സാഹചര്യത്തിൽ കനത്ത മഴ മൂലം റിസർവ്വോയറിലെ ജലനിരപ്പ് 978.33 മീറ്റർ എത്തി ചേർന്നാൽ റെഡ് അലർട്ട് പ്രഖ്യാപിക്കുന്നതും, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി പ്രസിദ്ധീകരിച്ചിട്ടുള്ള ഓറഞ്ച് ബുക്കിലെ നിർദ്ദേശങ്ങൾക്കനുസൃതമായി വാർത്ത പത്ര ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ വഴി പ്രസിദ്ധീകരിക്കുന്നതും, ആവശ്യമെങ്കിൽ റിസർവോയറിൽ നിന്നും നിയന്ത്രിത അളവിൽ (14/10/2021) രാവിലെ 8.00 മണിക്ക് ശേഷം ജലം തുറന്നുവിടുന്നതുമായിരിക്കും.

ഇപ്രകാരം ഷട്ടറുകൾ ഉയർത്തുന്നത് മൂലം പമ്പയാറിലും, കക്കാട്ടാറിലും ജലനിരപ്പ് ഉയർന്നേക്കാമെന്നുള്ള സാഹചര്യത്തിൽ നദികളുടെ തീരത്ത് താമസിക്കുന്ന ആളുകളും പൊതുജനങ്ങളും ജാഗ്രതാ പുലർത്തേണ്ടതും, നദികളിൽ ഇറങ്ങുന്നത് ഏതു സാഹചര്യത്തിലും ഒഴിവാക്കേണ്ടതുമാണ് എന്നറിയിക്കുന്നു. താഴ്ന്ന പ്രദേശങ്ങളിൽ നിന്നും ജനങ്ങൾ പൂർണ്ണമായും സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറേണ്ടതാണ്

(ഒപ്പ് )
ഡോ ദിവ്യ എസ് അയ്യർ ഐ എ എസ്
ചെയർപേർസൺ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി &
ജില്ലാ കളക്ടർ, പത്തനംതിട്ട

പകർപ്പ് :- ജില്ലാ ഇൻഫർമേഷൻ ആഫീസർ, പത്തനംതിട്ട
(പത്ര, ദൃശ്യ, ശ്രവ്യ, സാമൂഹ്യ മാധ്യമങ്ങൾ വഴി പ്രസിദ്ധീകരിക്കുന്നതിന്)